# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5548 — 02/11/2016-ൽ മറുപടിക്ക്

## വൈദ്യുതി ബോർഡിന്റെ കേടായ മീറ്ററുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പാറക്കൽ അബ്ദുല്ല** | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | വൈദ്യുതി ബോർഡിന്റെ എത്ര മീറ്ററുകൾ ഇപ്പോൾ കേടായ അവസ്ഥയിലുണ്ട്; | (എ) | സെപ്റ്റംബർ '2016-ലെ കണക്കനുസരിച്ച് 8.03 ലക്ഷം കേടായ മീറ്ററുകൾ നിലവിൽ ഉണ്ട്. |
| (ബി) | മീറ്റർ കേടായതു കാരണം ചില വൈദ്യുതി ഉപഭോക്താക്കൾ കൂടുതൽ തുകയും ചിലർ കുറഞ്ഞ തുകയും വൈദ്യുതി ചാർജായി അടക്കേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇത്തരം സാഹചര്യങ്ങൾ ശ്രദ്ധയിൽ വരുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) | കണക്ഷൻ നൽകുന്നതിലെ അപാകതയാണ് ഈ വിധം മീറ്ററുകൾ കേടാകാൻ കാരണമെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; | (സി) | മുൻ കാലങ്ങളിൽ ഇലക്ട്രോമെക്കാനിക്കൽ മീറ്ററുകൾ ഉപയോഗിച്ച് സർവ്വീസ് കണക്ഷനുകൾ നൽകിയിരുന്നു. ഇത്തരം സന്ദർഭങ്ങളിൽ കണക്ഷൻ നൽകുന്നതിലെ അപാകത മൂലം മീറ്ററുകൾ ശരിയായ വിധത്തിൽ പ്രവർത്തിക്കാതെ വരാം. ഇപ്പോൾ ഉപയോഗിക്കുന്ന ആധുനിക മീറ്ററുകളിൽ കണക്ഷൻ നൽകുന്നതിൽ അപാകത ഉണ്ടാകാൻ സാധ്യത ഇല്ല. |
| (ഡി) | എങ്കിൽ ഈ മീറ്ററുകൾ മാറ്റി സ്ഥാപിക്കാൻ നടപടി എടുക്കുമോ; ഇത് കാരണം കെ.എസ്.ഇ.ബി ക്ക് സാമ്പത്തികനഷ്ടം വന്നിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ഡി) | സപ്ലൈ കോഡ് 2014 പ്രകാരം മീറ്ററിന്റെ പ്രവർത്തനം നിലച്ച് പോകുകയോ ഉപഭോഗം രേഖപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന സാഹചര്യത്തിൽ മീറ്റർ കേടാകുന്നതിന് തൊട്ട് മുൻപുള്ള മൂന്ന് ബില്ലിംഗ് സൈക്കിളിലെ ശരാശരി ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ ബിൽ ചെയ്ത് ഉപഭോക്താക്കളിൽ നിന്നും വൈദ്യുതി ചാർജ്ജ് ഈടാക്കി വരുന്നു. മുൻ ശരാശരി കണക്കാക്കാൻ കഴിയാതെ |

| | | | |
|---|---|---|---|
| | | | വരുമ്പോൾ മീറ്റർ മാറ്റി വച്ച ശേഷം തുടർന്നുള്ള 3 ബില്ലിംഗ് സൈക്കിളിലെ ഉപഭോഗം കണക്കിലെടുത്ത് ബിൽ നൽകി ഉപഭോക്താക്കളിൽ നിന്നും തുക ഈടാക്കുന്നു. മീറ്റർ കേടായ സാഹചര്യങ്ങളിൽ ഇപ്രകാരം ശരാശരി ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ ബിൽ ചെയ്യുന്നതിനാൽ ബോർഡിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതായി കണക്കാക്കുന്നില്ല. കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കാനുള്ള നടപടികൾ ബോർഡ് സ്വീകരിച്ചു വരുന്നു. 16 ലക്ഷം സിംഗിൾ ഫേസ് എനർജി മീറ്ററുകളും 1.5 ലക്ഷം ത്രീ ഫേസ് മീറ്ററുകളും വാങ്ങുവാൻ ബോർഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ